എക്സൈസ് വകുപ്പിലെ റെയിഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും

31 [2497] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ കീഴിലുള്ള റെയിഞ്ചോഫീസുകളുടെ എണ്ണം, ഒരു റെയിഞ്ചോഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശത്തിന്റെ ശരാശരി വിസ്തീർണ്ണം, ഒരു റെയിഞ്ചോഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നും പ്രസ്തുത റെയിഞ്ചിന്റെ അതിർത്തി വരെയുള്ള ഏറ്റവും കൂടിയ അകലം, ഏറ്റവും കുറഞ്ഞ അകലം (aerial distance) എന്നീ വിവരങ്ങൾ നൽകാമോ;

(ബി) വകുപ്പിന്റെ കീഴിലുള്ള സർക്കിൾ ഓഫീസുകളുടെ എണ്ണം, ഒരു സർക്കിൾ ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശത്തിന്റെ ശരാശരി വിസ്തീർണ്ണം, ഒരു സർക്കിൾ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നും റെയിഞ്ചോഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം വരെയുള്ള ഏറ്റവും കൂടിയ ദൂരം, ഏറ്റവും കുറഞ്ഞ ദൂരം (aerial distance) എന്നീ വിവരങ്ങൾ നൽകാമോ;

(സി) വകുപ്പ് നവീകരിക്കുന്നതിന്റെ ഭാഗമായി 2001-02-നു ശേഷം എത്ര വാക്കി-ടോക്കികൾ വാങ്ങി; ഒരു വാക്കി-ടോക്കിയുടെ വില എത്ര; ഏത് കമ്പനിയുടെ ഉത്പന്നമാണ് വാങ്ങിയത്; ആരാണ് വിതരണം ചെയ്തത് എന്നിവ വെളിപ്പെടുത്താമോ;

(ഡി) വാക്കി-ടോക്കി വാങ്ങുവാൻ അവലംബിച്ച നടപടിക്രമങ്ങൾ എന്തൊക്കെ; വിതരണത്തിന് സന്നദ്ധരായവർ ആരെല്ലാം; ഓരോരുത്തരും ഓഫർ ചെയ്ത വില, ഉത്പന്നത്തിന്റെ റെയിഞ്ച് എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ കീഴിൽ 125 റെയിഞ്ചോഫീസുകളാണുള്ളത്. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വകുപ്പിന്റെ കീഴിൽ 63 സർക്കിൾ ഓഫീസുകൾ ഉണ്ട്. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വകുപ്പ് നവീകരണത്തിന്റെ ഭാഗമായി 35 റേഡിയോ ഹാൻസെറ്റുകൾ (വാക്കി-ടോക്കി) വാങ്ങി. 12,636 രൂപയാണ് ഒരു വാക്കി-ടോക്കിയുടെ വില. മൊട്ടോറോള ഇൻഡ്യാ പ്രൈവറ് ലിമിറ്റഡ് ബാംഗ്ളൂർ എന്ന കമ്പനിയുടെ സാധനങ്ങളാണ് വാങ്ങിയത്. ആര്യ കമ്മ്യൂണിക്കേഷൻസ് ആന്റ് ഇലക്ട്രോണിക്സ് സർവീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഇവ സ്ഥാപിച്ചത്.

(ഡി) ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റി കൂടി, ഡി. ജി. എസ്. ആന്റ് ഡി, റേറ്റ് കോൺട്രാക്ടുള്ള മോട്ടറോള ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് ബാംഗ്ളൂർ എന്ന സ്ഥാപനത്തിൽ നിന്നും, ഡി. ജി. എസ്. ആന്റ് ഡി, റേറ്റിലാണ് വയർലസ് സെറ്റ് സംവിധാനങ്ങൾ വാങ്ങിയത്. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

2/655/2012—12.

LIBRARY ARCHIVES Kerala Legislative Assembly